**27.01.2024 ശനിയാഴ്ച്ച രാവിലെ 11.00 മണിക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് തൃശ്ശൂർ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ചേമ്പറിൽ കൂടിയ സിറ്റിസൺ അസിസ്റ്റൻസ് സ്ഥിരം അദാലത്ത് ജില്ലാതല സമിതിയുടെ മിനിറ്റ്സ്.**

യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു.

1. അരുൺ രംഗൻ, ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ ( ചെയർമാൻ)
2. സ്മിത പി. ജെ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ
3. ജീവ ലിസ സേവ്യർ, ഡെപ്യൂട്ടി ടൗൺ പ്ലാനർ, തൃശ്ശൂർ
4. വിധു എ മേനോൻ, അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ, (കൺവീനർ)

**അജണ്ട 1**

ശ്രീമതി. സജിത രതീഷ്, കൊപ്പറമ്പിൽ വീട് എന്നവരുടെ വീട്ട് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 1**

മേൽ പരാതിയുമായി ബന്ധപ്പെട്ട തൃശ്ശൂർ കോർപ്പറേഷന്റെ ഫയൽ സമിതി പരിശോധിച്ചു. ടിയാരിക്ക് OLR/BA/11/12-13 DTD 16/04/2013 പ്രകാരം PA-GF- 54.75 m2 വാസഗൃഹത്തിന് പെർമിറ്റ് അനുവദിച്ചതായി കാണുന്നു. എന്നാൽ ടിയാരി നഗരസഭയിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതായി പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും നിലവിൽ ടി കെട്ടിടം ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിനാൽ 28/911/1 (UA) നമ്പറാണ് അനുവദിച്ച് നൽകിയിരിക്കുന്നത് എന്നും കൂടാതെ സ്ഥലപരിശോധനയിൽ front yard 1.6, 1.7 മീ. എന്നീ അളവുകളാണ് ലഭിക്കുന്നതെന്നും ആയത് KMBR 19, Rule 23(2), 26(4) എന്നിവ പാലിക്കുന്നില്ലെന്നും മേൽ അപാകതകൾ പരിഹരിച്ച് കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുന്ന മുറയ്ക്ക് നഗരസഭയിൽ നിന്നും നിയമാനുസൃത കെട്ടിട നമ്പർ അനുവദിച്ച് നൽകുന്നതാണെന്നും കോർപ്പറേഷൻ പ്രതിനിധി അറിയിച്ചു. മേൽ സാഹചര്യത്തിൽ അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് നിയമാനുസൃത കെട്ടിട നമ്പർ അനുവദിക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 2**

ശ്രീ. സി. വി ജെയിംസ്, ചുങ്കത്ത് വീട് എന്നവരുടെ ലൈസൻസിൽ പേര് മാറ്റി കിട്ടാത്തത് സംബന്ധിച്ച പരാതി.

**തീരുമാനം 2**

മേൽ പരാതി ജില്ലാ സമിതി പരിശോധിച്ചു. 25/787 നമ്പർ കെട്ടിടത്തിൽ പരാതിക്കാരന്റെ സഹോദരി മാഗി. സിവി. എന്നവരുടെ പേരിൽ ലൈസൻസുള്ള ഫ്ലവർ മിൽ പരാതിക്കാരനായ സി.വി. ജെയിംസിന്റെ പേരിൽ മാറ്റി നൽകിയിട്ടില്ല എന്നത് സംബന്ധിച്ച പരാതിയാണ്. എന്നാൽ പരാതിക്കാരൻ ഈ ആവശ്യമുന്നയിച്ച് നഗരസഭാ കാര്യാലയത്തിൽ അപേക്ഷ നൽകിയിട്ടില്ല എന്നും ടിയാനെ ഫോണിൽ വിളിച്ച് നിയമപ്രകാരം ലൈസൻസ് മാറ്റം ചെയ്യുന്നതിന് വേണ്ട അപേക്ഷ സമർപ്പിക്കേണ്ട വിധം, ഹാജരാക്കേണ്ട രേഖകൾ എന്നിവ അറിയിച്ചിട്ടുള്ളതായി കോർപ്പറേഷൻ പ്രതിനിധി സമിതിയിൽ അറിയിച്ചു. മേൽസാഹചര്യത്തിൽ ലൈസൻസ് മാറ്റുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസൃതം ലൈസൻസ് മാറ്റി നൽകുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 3**

ശ്രീമതി. ജാസ്മിൻ സൈഫുദ്ദീൻ, PTA പ്രസിഡന്റ്, GUPS, അഴീക്കോട് എന്നവരുടെ ഉപജില്ലാ സമിതി 5 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്.

**തീരുമാനം 3**

മേൽ പരാതി എറിയാട് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 5 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. മുഖ്യനഗരാസൂത്രകൻ 28/10/2023 ലെ LSGD/PD/42675/2023-TCP A1(1) നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അപേക്ഷയിൽ പൂർണ്ണമായും പാലിച്ചിട്ടുള്ളതായി കാണുന്നില്ല എന്നും ആയതുപ്രകാരം ആവശ്യമായ എല്ലാ കാര്യങ്ങളും രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ ആവശ്യമായ പ്ലാനുകളോടൊപ്പം പുനഃസമർപ്പിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 08/01/2024 തിയതിയിൽ LSGD/JD/TSR/10245/2023-N3 നമ്പർ ഫയൽ പ്രകാരം എറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുള്ളതായും ഡെപ്യൂട്ടി ടൗൺ പ്ലാനർ സമിതിയിൽ അറിയിച്ചു. മേൽ സാഹചര്യത്തിൽ ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ടൗൺപ്ലാനറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 4**

ശ്രീ. അൻവർ സി എ, ചെറുവട്ടം വീട് എന്നവരുടെ ഉപജില്ലാ സമിതി 5 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്. ( നാഷണൽ ഹൈവേ ആക്സസ് പെർമിറ്റില്ലാത്തതിനാൽ കെട്ടിടത്തിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച്.)

**തീരുമാനം 4**

മേൽ പരാതി കയ്പമംഗലം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 5 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഓൺലൈൻ പോർട്ടൽ വഴി നാലുവരി പാതയ്ക്ക് മാത്രമാണ് ആക്സസ് പെർമിറ്റിനും, എൻ.ഒ.സി.യ്ക്കും അപേക്ഷ നൽകുന്നതിന് അവസരം ഉള്ളതെന്നും, പരാതിക്കാരന്റെ കെട്ടിടങ്ങൾ പഴയ രണ്ട് വരി പാതയിലാണെന്നുമാണ് പരാതിയിൽ പരാമർശിച്ചിരിക്കുന്നത്. കൂടാതെ പരാതിക്കാരന്റെ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലവും ടി ഹൈവേയും പുതിയ ദേശീയ പാതയുടെ അക്വിസിഷൻ സർവ്വേയിൽ പോലും ഉൾപ്പെടുന്നില്ല എന്നും പരാതിയിൽ പരാമർശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ രണ്ട് വരി പാതയിൽ നിന്നും ആക്സസ് പെർമിറ്റ് ആവശ്യമാണോ, പരാതിക്കാരന്റെ കെട്ടിടം പ്രസ്തുത രണ്ട് വരി പാതയിലാണോ, പുതിയ ദേശീയ പാതയിലേക്ക് പരാതിക്കാരന്റെ കെട്ടിടത്തിൽ നിന്നും ആക്സസ് ആവശ്യമാണോ എന്നീ കാര്യങ്ങൾ കൂടി പരിശോധിക്കേണ്ടതുണ്ട്. നിലവിൽ നാഷണൽ ഹൈവേയിലേക്ക് ആക്സസ് പെർമിറ്റ് ആവശ്യമാണെന്ന് കെട്ടിടനിർമ്മാണ ചട്ടം/ സർക്കാർ ഉത്തരവ് എന്നിവ പ്രകാരം നിർദ്ദേശിക്കുന്നതിന്റെ ഭാഗമായാണ് കെട്ടിടത്തിന് നമ്പർ ലഭിക്കാത്തതെങ്കിൽ ആയത് പരിഹരിക്കുന്നതിന് ജില്ലാ സമിതിക്ക് നിർവ്വാഹമില്ലാത്തതാണ്. ആയതിനാൽ ടി പരാതിയിൽ നിലവിലുള്ള ചട്ടം/ സർക്കാർ ഉത്തരവിന് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതിന് ഉപജില്ലാ സമിതിയെ (5) ചുമതലപ്പെടുത്തി തീരുമാനിച്ചു. ഉപജില്ലാ സമിതിക്ക് തീരുമാനമെടുക്കാൻ കഴിയാത്ത വിഷയമാണെങ്കിലോ, ജില്ലാ സമിതി തന്നെ തീരുമാനമെടുക്കേണ്ട വിഷയമാണെങ്കിലോ ആയതു സംബന്ധിച്ച നിയമവും, ബന്ധപ്പെട്ട വകുപ്പുകളും കൂടി ഉൾപ്പെടുത്തി വ്യക്തവും വിശദവുമായ റിപ്പോർട്ടും ശുപാർശയും സഹിതം എസ്കലേറ്റ് ചെയ്യുന്നതിനും ഉപജില്ലാ സമിതിയെ (5) ചുമതലപ്പെടുത്തി തീരുമാനിച്ചു.

**അജണ്ട 5**

ശ്രീ. മുഹമ്മദ് സാഹിദ്, പറാട്ട് വീട് എന്നവരുടെ ഉപജില്ലാ സമിതി 2 ൽ നിന്നും ESCALATE ചെയ്ത് വന്ന പരാതി സംബന്ധിച്ച്. ( നാഷണൽ ഹൈവേ ആക്സസ് പെർമിറ്റില്ലാത്തതിനാൽ കെട്ടിടത്തിന് നമ്പർ ലഭിക്കാത്തത് സംബന്ധിച്ച്.)

**തീരുമാനം 5**

മേൽ പരാതി ഒരുമനയൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടതും ഉപജില്ലാ സമിതി 2 ൽ നിന്നും എസ്കലേറ്റ് ചെയ്ത് വന്നതുമാണ്. പ്രസ്തുത പരാതി ജില്ലാ സമിതി പരിശോധിച്ചു. നാഷണൽ ഹൈവേയിലേക്കുള്ള ആക്സസ് പെർമിറ്റ് അപേക്ഷയോടൊപ്പം ഇല്ലാത്തതിനാൽ വീട്ട് നമ്പർ ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച പരാതിയാണ്. നിലവിൽ നാഷണൽ ഹൈവേയിലേക്ക് ആക്സസ് പെർമിറ്റ് ആവശ്യമാണെന്ന് കെട്ടിടനിർമ്മാണ ചട്ടം/സർക്കാർ ഉത്തരവ് എന്നിവ പ്രകാരം നിർ ദ്ദേശിക്കുന്നതിന്റെ ഭാഗമായാണ് കെട്ടിടത്തിന് നമ്പർ ലഭിക്കാത്തതെങ്കിൽ ആയത് പരിഹരിക്കുന്നതിന് ജില്ലാ സമിതിക്ക് നിർവ്വാഹമില്ലാത്തതാണ്. ആയതിനാൽ ടി പരാതിയിൽ നിലവിലുള്ള ചട്ടം/സർക്കാർ ഉത്തരവിന് വിധേയമായി തുടർനടപടി സ്വീകരിക്കുന്നതിന് ഉപജില്ലാ സമിതിയെ (2) ചുമതലപ്പെടുത്തി തീരുമാനിച്ചു. ഉപജില്ലാ സമിതിക്ക് തീരുമാനമെടുക്കാൻ കഴിയാത്ത വിഷയമാണെങ്കിലോ, ജില്ലാ സമിതി തന്നെ തീരുമാനമെടുക്കേണ്ട വിഷയമാണെങ്കിലോ ആയതു സംബന്ധിച്ച നിയമവും, ബന്ധപ്പെട്ട വകുപ്പുകളും കൂടി ഉൾപ്പെടുത്തി വ്യക്തവും വിശദവുമായ റിപ്പോർട്ടും ശുപാർശയും സഹിതം എസ്കലേറ്റ് ചെയ്യുന്നതിനും ഉപജില്ലാ സമിതിയെ (2) ചുമതലപ്പെടുത്തി തീരുമാനിച്ചു.

**യോഗ നടപടികൾ 12.00 pm ന് അവസാനിച്ചു.**

കൺവീനർ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ പിൻ-680003

ചെയർമാൻ
സിറ്റിസൺ അസിസ്റ്റൻസ്
സ്ഥിരം അദാലത്ത് ജില്ലാ സമിതി
തൃശ്ശൂർ

EXECUTIVE ENGINEER
L. S. G. D. DIVISION
THRISSUR - 3

OFFICE OF THE EXECUTIVE ENGINEER ★ LSGD DIVISION THRISSUR ★ AYYANTHOLE-3 Date.........

JEEVA LIZA XAVIER. V.
DEPUTY TOWN PLANNER
LOCAL SELF GOVT. DEPARTMENT (PLANNING)